1394

# മനോരമ.

(*For Preparatory Class.*)

ഗ്രന്ഥകർത്താ

വിദ്വാൻ എ. ഡി. ഹരിശർമ്മ.

**V. V. Publishing House,**
**Trivandrum.**

P. Sreedharan Nair

1394

Preepdass. A.D

# മനോരമ

(പ്രിപ്പാറട്ടറിക്ലാസ്സിലേയ്ക്കു്.)

ഗ്രന്ഥകർത്താ

വിദ്വാൻ ഏ. ഡി. ഹരിശർമ്മ.

വി. വി. പ്രസിദ്ധീകരണശാല,

തിരുവനന്തപുരം.

# വിഷയവിവരം


ഭാഷ

പലതരം ഭാഷകൾ

വ്യാകരണം

വാക്യം

പൂർണ്ണവിരാമം

ആഖ്യ, ആഖ്യാതം

നാമം

കൃതി

ഭേദകം-വിശേഷണം

പദങ്ങളുടെ പരസ്പരബന്ധം

വാചകരചന

കഥയെഴുത്ത്

# മനോരമ

(ഒന്നാം പ്രകരണം)

---

## ഭാഷ

പക്ഷിമൃഗാദികൾ ചില ശബ്ദങ്ങൾ പുറപ്പെടുവിക്കാറുള്ളതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. മനുഷ്യർ സംസാരിക്കുന്നതിനും പക്ഷിമൃഗാദികൾ ശബ്ദിക്കുന്നതിനും തമ്മിൽ എന്താണു വ്യത്യാസം? സംസാരിക്കുക എന്നു പറയുന്നതും ചില ശബ്ദങ്ങൾ പുറപ്പെടുവിക്കമാത്രമാണല്ലോ. ആ സ്ഥിതിക്കു പക്ഷികൾ സംസാരിക്കുന്നു, മൃഗങ്ങൾ സംസാരിക്കുന്നു എന്നൊക്കെ പറയുന്നതിനു വല്ല വിരോധവുമുണ്ടോ? നാം സാധാരണ അങ്ങനെ പറയാത്തതെന്തുകൊണ്ടു്?

ഏതെങ്കിലും ചില ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നതിനു പക്ഷിമൃഗാദികൾക്കും കഴിയുമെങ്കിലും, മനുഷ്യരെപ്പോലെ ഉള്ളിലുള്ള വിചാരം മററുള്ളവരെ മനസ്സിലാക്കത്തക്കവിധം ആ ശബ്ദങ്ങളെ തരംതിരിക്കാനോ ക്രമപ്പെടുത്താനോ അവയ്ക്കു കഴിയുന്നില്ല. മനുഷ്യരാകട്ടെ, അവരവരുടെ ഉള്ളിലുള്ള ആശയങ്ങളെ അന്യരെ

ധരിപ്പിക്കുന്നതു് അൎത്ഥമുള്ള ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചിട്ടാകുന്നു. മനുഷ്യർ സംസാരിക്കുന്നതിനും പക്ഷിമൃഗാദികൾ ശബ്ദിക്കുന്നതിനും തമ്മിലുള്ള വ്യത്യാസം ഇതാണു്. മനുഷ്യരായാലും അൎത്ഥമില്ലാത്ത വല്ല ശബ്ദങ്ങളുമാണു പുറപ്പെടുവിക്കുന്നതെങ്കിൽ, അതിനു "സംസാരിക്കുന്നു" എന്നു നാം പേരു പറയാറില്ല. നിങ്ങൾ ഊമന്മാരെ കണ്ടിട്ടുണ്ടോ? നമ്മെപ്പോലെ, സംസാരിച്ചു കാൎയ്യം മററുള്ളവരെ മനസ്സിലാക്കാൻ ശക്തിയില്ലാത്തവരെയാണു് ഊമന്മാർ എന്നു പറയുന്നതു്. അവർ പല ശബ്ദങ്ങളും പുറപ്പെടുവിക്കാറുണ്ടെങ്കിലും സംസാരിക്കാറില്ല. വല്ല ശബ്ദങ്ങളും പുറപ്പെടുവിക്കുന്നതിനു സംസാരിക്കുന്നു എന്നു പേരുപറയാൻ പാടില്ലെന്നാണല്ലോ ഇതിന്റെ അൎത്ഥം. സംസാരിക്കുക എന്നുവെച്ചാൽ അൎത്ഥമുള്ള ശബ്ദങ്ങൾ പുറപ്പെടുവിക്കുക എന്നൎത്ഥമാകുന്നു. ഇങ്ങനെ അൎത്ഥമുള്ള ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചു് ഒരുത്തന്റെ മനസ്സിലുള്ള വിചാരം മററുള്ളവരെ മനസ്സിലാക്കുന്ന സമ്പ്രദായത്തിനു ഭാഷ എന്നു പേർ പറയുന്നു.

# പലതരം ഭാഷകൾ

ഒരാൾ അൎത്ഥമുള്ള എന്തെങ്കിലും ശബ്ദങ്ങൾ പുറപ്പെടുവിച്ചാൽ—അതായതു സംസാരിച്ചാൽ—അയാളുടെ ഉള്ളിലുള്ള വിചാരം ഇന്നതാണെന്നു ഭാഷ അറിയാവുന്നവൎക്കു പോലും ചിലപ്പോൾ മനസ്സിലാകാതെ പോകുന്നു. നിങ്ങൾക്കു മലയാളഭാഷ അറിയാമല്ലോ. ഒരു സായ്പ്പുവന്നു അദ്ദേഹത്തിൻെറ ഭാഷയിൽ നിങ്ങളോടു എന്തെങ്കിലും സംസാരിച്ചാൽ നിങ്ങൾക്കു മനസ്സിലാകുമോ? നിശ്ചയമായിട്ടും മനസ്സിലാകയില്ല. അതെന്തുകൊണ്ടു്? സായ്പ്പു സംസാരിക്കുന്നതു് അദ്ദേഹത്തിൻെറ സ്വന്തം ഭാഷയാണു്; നിങ്ങൾക്കു നിങ്ങളുടെ സ്വന്തം ഭാഷമാത്രമേ ഇപ്പോൾ അറിഞ്ഞുകൂടു. അതുകൊണ്ടാണു അദ്ദേഹം സംസാരിക്കുന്നതിന്നതെന്നു നിങ്ങൾക്കു മനസ്സിലാകാത്തതു്. ആ ഭാഷ പഠിച്ചാൽ, നിങ്ങൾക്കും അതു മനസ്സിലാക്കാൻ കഴിയും. സായ്പന്മാർ സാധാരണമായി സംസാരിക്കുന്നതു് ഇംഗ്ലീഷ് ഭാഷയാണെന്നു നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. ഇതുപോലെ ലോകത്തിൽ വേറെയും അനവധി ഭാഷകളുണ്ടു്. നമ്മുടെ ഇൻഡ്യാരാജ്യത്തിൽ തന്നെ അൻപതിൽപരം ഭാഷകൾ നടപ്പിലുണ്ടു്. തമിഴു്, കൎണ്ണാടകം, തെലുങ്കു്, മറാത്തി, ഹിന്ദി, ബംഗാളി മുതലായവയാണു ഇൻഡ്യയിലെ പ്രധാന ഭാഷകൾ. നമ്മുടെ മാതൃഭാഷ മലയാളമാകുന്നു.

---

## വ്യാകരണം

നാം ചെയ്യുന്ന ഏതു പ്രവൃത്തിയും ശരിയായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തെററായി എന്തെങ്കിലും പ്രവത്തിച്ചാൽ മററുള്ളവർ നമ്മെ പരിഹസിക്കും; ചിലപ്പോൾ ശിക്ഷ ഏല്ക്കേണ്ടതായും വന്നേക്കും. ഭാഷയുടെ സ്ഥിതിയും ഇതുതന്നെയാണ്. നമ്മുടെ ഉള്ളിലുള്ള വിചാരം ഏതെങ്കിലും വിധത്തിൽ മററുള്ളവരെ മനസ്സിലാക്കിയതുകൊണ്ടായില്ല. അതു ശരിയായ രീതിയിൽതന്നെ ആയിരിക്കണം. സാമർത്ഥ്യമുള്ള ആൺകുട്ടിയെ "മിടുക്കൻ"എന്നും പെൺകുട്ടിയെ "മിടുക്കി"യെന്നും പറഞ്ഞു കേട്ടു പരിചയമുള്ള ഒരു കൊച്ചുകുട്ടി, ഒരിക്കൽ "കുറുക്കൻ" എന്നതിൻെറ സ്ത്രീരൂപം "കുറുക്കി" എന്നാണെന്നു പറഞ്ഞതുകേട്ടു പലരും പൊട്ടിച്ചിരിച്ചുപോയി. മിടുക്കൻ മിടുക്കിയായതുപോലെ കുറുക്കൻ കുറുക്കിയായിത്തീരുമെന്നു വിചാരിച്ചാണു ആ കുട്ടി അങ്ങനെ പറഞ്ഞതു്. ഭാഷയെപ്പററി ശരിയായ അറിവില്ലാതെവരുന്നതുകൊണ്ടു പലക്കും ഇങ്ങനെയുള്ള അബദ്ധങ്ങൾ പററിപ്പോകാറുണ്ടു്. ഇങ്ങനെ വരാതിരിക്കണമെങ്കിൽ ഭാഷയെപ്പററിയും ഭാഷയുടെ നിയമങ്ങളെപ്പററിയും പലതും അറിഞ്ഞിരിക്കേണ്ടതുണ്ടു്. ഓരോ രാജ്യത്തും ഓരോ നിയമങ്ങളുള്ളതുപോലെ ഓരോ ഭാഷയ്ക്കും പ്രത്യേകം നിയമങ്ങളുണ്ടെന്നു നിങ്ങൾ ഓക്കണം. ഈ നിയമങ്ങളെപ്പററി അറിഞ്ഞിരുന്നാൽ മാത്രമേ അതതു ഭാഷകൾ തെററുകൂടാതെ ഭംഗിയായി എഴുതി ഫലിപ്പിക്കാൻ സാധിക്കയുള്ളൂ.

രാമൻെറ, കൃഷ്ണൻെറ എന്നുംമററുമുള്ള രൂപങ്ങൾ കണ്ടിട്ട് അതുപോലെതന്നെ പട്ടീൻെറ, കോഴീൻെറ എന്നൊക്കെ പറയാൻ മടിക്കാത്ത ചില ആളുകൾ ഇപ്പൊഴും ചില ദിക്കുകളിലുണ്ടു്. രാമൻെറ എന്നു പറയാമെങ്കിൽ, കോഴീൻെറ എന്നു പറയാൻ വിരോധമെന്താണെന്നാണ് അവരുടെ ചോദ്യം. നമുക്കു ഇതു കേട്ടാൽ ചിരി വരാതിരിക്കുമോ? ഭാഷയുടെ നിയമങ്ങളെപ്പററി ശരിയായ അറിവില്ലാത്തതുകൊണ്ടാണ് അവർ അങ്ങനെയൊക്കെ പറയാൻ മടിക്കാത്തതു്. ആ വക നിയമങ്ങൾ മനസ്സിലായിക്കഴിഞ്ഞാൽ, കോഴീൻെറ എന്നല്ല, കോഴിയുടെ എന്നാണു പറയേണ്ടതെന്നു അവർ ധരിച്ചുകൊള്ളും. എന്തുകൊണ്ടെന്നാൽ, ഇന്ന പദമാണു ശരി, ഇന്ന പ്രയോഗമാണു ശരി, ഇന്ന പദം തെററു്, ഇന്ന പ്രയോഗം തെററു്, എന്നൊക്കെ ആ നിയമങ്ങളിൽ പറഞ്ഞിരിക്കും. ഇങ്ങനെ "ഒരു ഭാഷ തെററുകൂടാതെ പ്രയോഗിക്കാനുള്ള നിയമങ്ങളെപ്പററി പ്രതിപാദിക്കുന്ന ശാസ്ത്രത്തിനു വ്യാകരണം എന്നു പേർ" പറയുന്നു. മനോരമ ഒരു മലയാളവ്യാകരണമാകുന്നു. എന്തുകൊണ്ടെന്നാൽ, മലയാളഭാഷയെ സംബന്ധിച്ച നിയമങ്ങളെയാണ് ഇതിൽ പ്രതിപാദിക്കുന്നതു്. ഇതുപോലെ ഇംഗ്ലീഷ്, തമിഴ്, സംസ്കൃതം, ഹിന്ദി മുതലായ ഓരോ ഭാഷയ്ക്കും പ്രത്യേകം പ്രത്യേകം വ്യാകരണങ്ങളുണ്ടു്.

## വാക്യം

ശബ്ദങ്ങൾ തെററുകൂടാത്തവയും അർത്ഥമുള്ളവയുമായിരുന്നാലും, അവയെ യഥോചിതം യഥാസ്ഥാനം കൂട്ടിച്ചേർത്തു പറയാതിരുന്നാൽ വക്താവിൻെറ ആശയം ഇന്നതാണെന്നു മനസ്സിലാക്കാൻ ശ്രോതാക്കൾക്കു സാധിച്ചില്ലെന്നുവരും. ഒരു ഉദാഹരണം പറയാം. വൈകുന്നേരം, വെച്ച്, പട്ടിയെ, ഞാൻ, വഴിയിൽ, ഇന്നലെ, ഒരു, കണ്ടു. ഇവയെല്ലാം അർത്ഥമുള്ള പദങ്ങളാകുന്നു. എന്നാൽ ഈ പദസമൂഹംകൊണ്ടു വക്താവു പറയാനുദ്ദേശിക്കുന്നതിന്നതാണെന്നു നമുക്കു പെട്ടെന്നു മനസ്സിലാക്കാൻസാധിക്കുന്നില്ല. ആ പദങ്ങളെത്തന്നെ അങ്ങുമിങ്ങും മാററിയും മറിച്ചും പ്രയോഗിച്ചാൽ ശരിയായ അർത്ഥം കിട്ടുകയും ചെയ്യും. അങ്ങനെ ശരിയായ അർത്ഥം കിട്ടത്തക്കവണ്ണം ഈ പദങ്ങളെ യഥാസ്ഥാനം പ്രയോഗിക്കാൻ നമുക്കൊന്നു ശ്രമിച്ചുനോക്കാം. ഹാ! കിട്ടി. "ഞാൻ ഇന്നലെ വൈകുന്നേരം വഴിയിൽ വെച്ചു ഒരു പട്ടിയെ കണ്ടു." ഇങ്ങനെയാണ് ആ പദങ്ങളെ കൂട്ടിച്ചേർത്തെഴുതേണ്ടതു്. ഇപ്പോൾ യാതൊരു പ്രയാസവും കൂടാതെ, കേൾക്കുന്ന ക്ഷണത്തിൽ തന്നെ അതിൻെറ അർത്ഥം നമുക്കു മനസ്സിലാകുന്നു. ഇങ്ങനെ ഏതെങ്കിലും ഒരു വിചാരത്തെ പരിപൂർണ്ണമായ വിധത്തിൽ പ്രതിപാദിക്കുന്ന ശബ്ദങ്ങളുടെ കൂട്ടത്തിനു "വാക്യം"

എന്നു പേർ. "ഞാൻ ഇന്നലെ വൈകുന്നേരം വഴിയിൽ വെച്ച് ഒരു പട്ടിയെ കണ്ടു" എന്നുള്ളതു് ഒരു വാക്യമാകുന്നു. എന്തുകൊണ്ടെന്നാൽ അതു് ഒരു വിചാരത്തെ പൂൎണ്ണമായി പ്രതിപാദിക്കുന്നു.

"ഞാൻ ഇന്നലെ വൈകുന്നേരം വഴിയിൽ വെച്ചു കണ്ടു" എന്നോ "ഞാൻ ഇന്നലെ വൈകുന്നേരം വഴിയിൽ വെച്ചു ഒരു പട്ടിയെ" എന്നോ മാത്രമാണു പറയുന്നതെങ്കിൽ, അതു ഒരു വാക്യമാണെന്നു പറയാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ ആ പദസമൂഹം ഒരാശയത്തെ പൂൎണ്ണമായി പ്രതിപാദിക്കുന്നില്ല. ആദ്യത്തെ പദസമൂഹം ഞാൻ ആരെ അല്ലെങ്കിൽ എന്തിനെയാണു കണ്ടതെന്നു കാണിക്കുന്നില്ല. കണ്ടതു പട്ടിയേയോ പൂച്ചയേയോ ആനയേയോ കുതിരയേയോ ആകാം. അതുപോലെ രണ്ടാമത്തെ പദസമൂഹവും വാക്യമാകുന്നില്ല. ഒരു പട്ടിയെ, കണ്ടു എന്നോ കണ്ടില്ല എന്നോ അടിച്ചു എന്നോ ഓടിച്ചു എന്നോ എന്താണു പറയാൻ പോകുന്നതെന്നു തെളിയാത്തതിനാൽ അവിടേയും ആശയം അപൂൎണ്ണമായിരിക്കുന്നതേയുള്ളു. ആശയം പൂൎണ്ണമായി തെളിയാതിരിക്കുന്നിടത്തോളം കാലം ഒരു പദസമൂഹം വാക്യം എന്ന പേരിന്നു അൎഹിക്കുന്നില്ല. അതിനു വേണമെങ്കിൽ പദക്കൂട്ടം എന്ന പേർ പറയാം.

പൂൎണ്ണമായ വാക്യങ്ങളെയാണ് നാം സംഭാഷണത്തിൽ സാധാരണമായി ഉപയോഗിക്കാറുള്ളത്. ഭാഷകളുടെ പ്രധാനമായ അംഗം വാക്യമാകുന്നു. വാക്യത്തിലുള്ള ഓരോ വാക്കിനും പദം എന്നു പേർ. മേൽ കാണിച്ച വാക്യത്തിൽ ആകെ എട്ടു പദങ്ങളുണ്ട്. ഓരോ പദവും തെറ്റുകൂടാതെ പ്രയോഗിക്കുന്നതിനും, പദങ്ങളെ കൂട്ടിച്ചേൎത്തു വാക്യമുണ്ടാക്കുമ്പോൾ നാം ഉദ്ദേശിക്കുന്ന അൎത്ഥം വായനക്കാൎക്ക് എളുപ്പം മനസ്സിലാകത്തക്കവിധത്തിൽ അവയെ വേണ്ട സ്ഥലത്തു വേണ്ടപോലെ ചേൎക്കുന്നതിനും പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതു് അത്യാവശ്യമാകുന്നു.

---

## പൂൎണ്ണവിരാമം

ആശയത്തെ വെളിപ്പെടുത്താനാണല്ലോ വാക്യങ്ങളെഴുതുന്നതു്. ആ സ്ഥിതിക്ക് ആശയം പൂൎണ്ണമായിക്കഴിഞ്ഞാൽ വാക്യം അവസാനിക്കുമെന്നുള്ളതു തീൎച്ചയാണ്. ഒരു വാക്യം അവസാനിച്ചു എന്നു് എങ്ങനെയാണു മനസ്സിലാക്കുക? വായിക്കുകയാണെങ്കിൽ വാക്യാവസാനത്തിൽ അല്പം നിറുത്തി വായിക്കണമെന്നു നിങ്ങൾക്കു മനസ്സിലായിട്ടുണ്ടല്ലോ. എഴുതുമ്പൊഴോ? അവിടേയും ഒരു ഉപായമുണ്ടു്. വാക്യം അവസാനിക്കുന്ന സ്ഥലങ്ങളിലൊക്കെ '.' എന്ന അടയാളം ഇടുകയാണു വേണ്ടതു്. ഈ അടയാളം കണ്ടാൽ വായന അവിടെ അല്പം നിറു

ത്തണമെന്നാണർത്ഥം. ഇതിന്ന പൂർണ്ണവിരാമം എന്നോ ബിന്ദു എന്നോ പേർ പറയാം. ഓരോ വാക്യവും അവസാനിക്കുന്ന സ്ഥലത്തു ഈ ൦ ചിഹ്നം (അടയാളം) ഇട്ടില്ലെങ്കിൽ ചിലപ്പോൾ അതു വലിയ അനർത്ഥത്തിന്ന കാരണമായിത്തീൎന്ന എന്നു വരാം. പൂർണ്ണവിരാമം ഉപയോഗിക്കാതിരിക്കുന്നതു് എല്ലാ ഭാഷകളിലും വലിയ തെററായിട്ടാണു ഗണിക്കാറുള്ളതു്.

## അഭ്യാസം 1.

താഴെ കൊടുക്കുന്ന പദങ്ങളെ വേണ്ടപോലെ കൂട്ടിച്ചേർത്തു വാക്യങ്ങളുണ്ടാക്കുക.

1 വന്നു. വീട്ടിൽ. രാമൻ. ഇന്നലെ. എൻെറ.

2 ശരിയായി. നാരായണൻ. അവൻെറ. പഠിക്കുന്നു. പാഠങ്ങളെ.

3 വക്കത്തു്. പുഴയുടെ. ആകുന്നു. വീടു്. എൻെറ.

4 ഭാൎയ്യ. രാമൻെറ. സീത. ആകുന്നു.

5 കാട്ടിൽ. രാമനോടുകൂടി. പോയി. ലക്ഷ്മണൻ.

6 പറയുന്നു. നല്ല. സത്യം. കുട്ടികൾ.

7 ഒരു. തെങ്ങു്. വൃക്ഷം. ഉപകാരമുള്ള. ആകുന്നു.

8 വളരെക്കാലം. നമ്മുടെ. വാഴട്ടെ. മഹാരാജാവു്. സുഖമായി.

9 ഫലപുഷ്ടിയുള്ള. ആകുന്നു. ഒരു രാജ്യം. തിരുവിതാംകൂർ.

10 ജയിക്കയില്ല. അധൎമ്മം. ഒരിടത്തും. ഒരിക്കലും.

## അഭ്യാസം 2.

താഴെ എഴുതുന്നവയിൽ പൂൎണ്ണവാക്യങ്ങളേതെന്നും വാക്യമല്ലാത്ത പദക്കൂട്ടങ്ങളേതെന്നും പറയുക:—

1 പക്ഷികൾ പറക്കുന്നു.
2 കുട്ടികൾ ഉറക്കെ വായിക്കുന്നു.
3 കരിഞ്ഞുപോയി.
4 മഴ പെയ്യുന്നു.
5 പട്ടിയെ അടിച്ചോടിച്ചു.
6 തെങ്ങ് ഒടിഞ്ഞു വീണു.
7 എൻെറ സ്നേഹിതൻെറ പുസ്തകം.
8 രാമനു കൊടുത്തു.
9 രാവിലെ പള്ളിക്കൂടത്തിൽ പോകുന്നു.
10 കാററു വീശുന്നു.
11 പശുവിനെ കറന്നു.
12 പൂച്ച പാൽ കുടിച്ചു.
13 അവൻ ഉറങ്ങുന്നു.
14 ഞാൻ നടക്കുന്നു.
15 മുല്ല പൂക്കുന്നു.

## അഭ്യാസം 3.

താഴെ എഴുതുന്ന വാക്യങ്ങളിൽ വേണ്ട സ്ഥലത്തു പൂൎണ്ണവിരാമം ഉപയോഗിക്കുക.

ഭയം മനുഷ്യരുടെ ധൈൎയ്യത്തെ നശിപ്പിക്കുന്നു കുട്ടികളെ ചെറുപ്രായത്തിൽ ഭയപ്പെടുത്താതിരുന്നാൽ അവർ ധീരന്മാരായി വളർന്നുകൊള്ളും ദുശ്ശീലം നന്നല്ല കുട്ടി

കറംക്ക് രാമൻ രാവണനെ കൊന്നുവെന്നു രാമായണത്തിൽ പറയുന്നു. ദുഷ്ടന്മാരാണു കക്കുന്നതും കളവുപറയുന്നതും. വൃത്തിയായ ആഹാരം മാത്രമേ കഴിച്ചുകൂട്ടൂ.

## അഭ്യാസം 4.

താഴെ എഴുതുന്ന വാക്യങ്ങളിൽ പൂർണ്ണവിരാമം ഇട്ടിരിക്കുന്നതു ശരിയായിട്ടുണ്ടോ എന്നു പരിശോധിക്കുക.

കുട്ടികറം പട്ടം. പറപ്പിക്കുന്നു എൻെറ വീട്ടിൽ. ഒരു പൂച്ചയുണ്ടു്. രാമൻ. നാളെ രാവിലെ വരും. അവൻ ഒന്നിനുമില്ല. മടി നല്ല കുട്ടികറം ഇങ്ങനെയല്ല. വേണ്ടതു് ഞാൻ കണ്ടില്ല. അവനെ മടിയന്മാർ തന്നത്താൻ കഴിതോണ്ടുന്നു. ഇതോ, ഈശ്വര! എൻെറ തലയിലെഴുത്തു് ഹാ! ആരറിഞ്ഞു. ഇങ്ങനെ വരുമെന്നു്. എല്ലാം ഈശ്വരേച്ഛതന്നെ.

## അഭ്യാസം 5.

1 നിങ്ങറം കണ്ടിട്ടുള്ള ഏതെങ്കിലും കളിയെപ്പററി എട്ടുവാക്യം എഴുതുക.

2 പശുവിനെപ്പററി പത്തു വാക്യമെഴുതുക.

3 നിങ്ങളുടെ സ്കൂളിനേപ്പററി പന്ത്രണ്ടു വാക്യമെഴുതുക.

(N. B. പദങ്ങറം വേണ്ട സ്ഥലത്തു ഉപയോഗിക്കുന്നതിനും വാക്യങ്ങറം തെററുകൂടാതെ എഴുതുന്നതിനും വാക്യാവസാനത്തിൽ പൂർണ്ണവിരാമം ഉപയോഗിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം.)

## ആഖ്യം ആഖ്യാതം

വാക്യങ്ങളെ സൂക്ഷ്മമായി പരിശോധിച്ചു നോക്കിയാൽ അവയിൽ രണ്ടംശങ്ങളുണ്ടെന്നു കാണാം.

1 കുട്ടികൾ കളിക്കുന്നു.
2 മുല്ലപ്പൂ വിടരുന്നു.
3 ചന്ദ്രൻ ശോഭിക്കുന്നു.
4 പക്ഷികൾ പറക്കുന്നു.
5 കുയിൽ പാടുന്നു.

ഈ വാക്യങ്ങളിൽ ഓരോന്നിനേയും പരിശോധിക്കുക. ഓരോന്നിലും ഓരോ പ്രവൃത്തി നടക്കുന്നതായിട്ടാണു പറഞ്ഞിട്ടുള്ളതു്. കളിക്കുക, വിടരുക, ശോഭിക്കുക, പറക്കുക, പാടുക ഇവയെല്ലാം ഓരോ പ്രവൃത്തികളാണല്ലോ. അതോടുകൂടി ആ പ്രവൃത്തികൾ നടത്തുന്നതാരാണെന്നുള്ളതുംകൂടി പറഞ്ഞിരിക്കുന്നു. ഒന്നാമത്തെ വാക്യത്തിൽ കളിക്കുക എന്ന പ്രവൃത്തി നടത്തുന്നതു കുട്ടികളാകയാലാണു, കുട്ടികൾ കളിക്കുന്നു എന്നു പ്രയോഗിച്ചിട്ടുള്ളതു്. അതുപോലെ അഞ്ചാമത്തെ വാക്യത്തിൽ പാടുക എന്ന പ്രവൃത്തി നടത്തുന്നതു കുയിലാകയാൽ കുയിൽ പാടുന്നു എന്നു പ്രയോഗിച്ചിരിക്കുന്നു. പാടുന്നതാരു്, കളിക്കുന്നതാരു്, വിടരുന്നതെന്തു് എന്നും മററും ചോദിച്ചാൽ കുയിൽ, കുട്ടികൾ, മുല്ലപ്പൂ എന്നൊക്കെയാണല്ലോ നമുക്കു സമാധാനം കിട്ടുന്നതു്. അതായതു ചില വസ്തുക്കളെപ്പററി പറഞ്ഞതി

അശേഷം അവ എന്തു ചെയ്യുന്നു എന്നു പ്രതിപാദിക്കുകയാണു മേൽ കാണിച്ച വാക്യങ്ങളിൽ ചെയ്തിട്ടുള്ളതു്. ഇവയിൽ ഏതെങ്കിലും ഒരംശം മാത്രം പറയുന്നതുകൊണ്ടു വാക്യം പൂൎണ്ണമാകുന്നില്ല; കുട്ടികൾ, മുല്ലപ്പൂ, ചന്ദ്രൻ, പക്ഷികൾ, കുയിൽ എന്നു മാത്രമോ, കളിക്കുന്നു, വിടരുന്നു, ശോഭിക്കുന്നു, പറക്കുന്നു, പാടുന്നു എന്നു മാത്രമോ പറഞ്ഞാൽ ആശയം മുഴുവൻ വിശദമാകുന്നില്ല. ഒന്നാംഭാഗം മാത്രം പറഞ്ഞാൽ കുട്ടികളും കുയിലും പക്ഷികളും എന്തു ചെയ്യുന്നു എന്ന ഒരു ചോദ്യം നമ്മുടെ മനസ്സിൽ അവ്യക്തമായിട്ടെങ്കിലും ശേഷിക്കുന്നു. അതുപോലെ രണ്ടാംഭാഗം മാത്രം പറഞ്ഞാലും കളിക്കുന്നതാരു്, വിടരുന്നതെന്തു്, പാടുന്നതാരു് എന്നൊന്നും വിശദമാകുന്നില്ല. ആ രണ്ടു ഭാഗങ്ങളും കൂടിച്ചേരുമ്പോൾ ആശയം പൂൎണ്ണമായ നിലയിൽ അതിൽ പ്രതിഫലിക്കുന്നു. അതുകൊണ്ടാണു വാക്യങ്ങളെ സൂക്ഷ്മമായി പരിശോധിച്ചാൽ അവയിൽ രണ്ടംശങ്ങളുണ്ടെന്നു കാണാം എന്നു മുകളിൽ പ്രസ്താവിച്ചതു്. നാം ആരെ അല്ലെങ്കിൽ എന്തിനെപ്പററി പറയുന്നുവോ അതു ഒരംശം; അതു ചെയ്യുന്ന പ്രവൃത്തിയെപ്പററി പറയുന്നതു മറെറാരംശം. മേൽ കാണിച്ച വാക്യങ്ങളിൽ കുട്ടികൾ, മുല്ലപ്പൂ, ചന്ദ്രൻ, പക്ഷികൾ, കുയിൽ ഇവയെപ്പററിയാണു നാം പറയുന്നതു്. അതിനാൽ അവ ഒരംശം. അവ ചെയ്യുന്ന കളിക്കുക, വിടരുക, ശോഭിക്കുക, പറക്കുക, പാടുക, എന്നീ പ്രവൃത്തികളെപ്പററി പറയുന്നതു മറെറാരംശം. ഈ രണ്ടംശങ്ങളും കൂടിച്ചേൎന്നിട്ടാണു പൂൎണ്ണവാക്യമുണ്ടാകുന്നതു്. ഈ അംശങ്ങൾക്കു ക്രമ

ത്തിൽ ആഖ്യയെന്നും ആഖ്യാതമെന്നും പേരുകൾ പറയുന്നു. നാം ആരെ അല്ലെങ്കിൽ എന്തിനെപ്പററി പറയുന്നുവോ അതു് ആഖ്യ. ആഖ്യയെപ്പററി എന്തു പറയുന്നുവോ അതു് ആഖ്യാതം.

| ആഖ്യ. | ആഖ്യാതം. |
|---|---|
| കുട്ടികൾ | കളിക്കുന്നു |
| മുല്ലപ്പൂ | വിടരുന്നു |
| ചന്ദ്രൻ | ശോഭിക്കുന്നു |
| പക്ഷികൾ | പറക്കുന്നു |
| കുയിൽ | പാടുന്നു |

മാതൃകയ്ക്കായി ചെറിയ വാക്യങ്ങളെ ഇവിടെ കാണിച്ചു എന്നേയുള്ളു. വാക്യം വലുതായാലും അതിനെ ഇതുപോലെ രണ്ടായി തിരിക്കാം. ചില പദങ്ങൾ ആഖ്യയോടും മററു ചില പദങ്ങൾ ആഖ്യാതത്തോടും ചേന്നു നില്ക്കുമെന്നേയുള്ളു. ഒരുദാഹരണം നോക്കുക. "വളരെ ബലമുള്ള ആന ഒരു ചെറിയ മനുഷ്യനു് എളുപ്പത്തിൽ കീഴടങ്ങുന്നു" എന്ന വാക്യത്തിൽ ആന കീഴടങ്ങുന്നു എന്നുള്ള പദങ്ങളാണു ഇവിടെ ആഖ്യയും ആഖ്യാതവും. ആഖ്യയായ ആന എന്ന പദത്തോടുകൂടി ചേർന്നു നില്ക്കുന്ന പദങ്ങളാണ "വളരെ ബലമുള്ള" എന്നുള്ളവ. അതുപോലെ "ഒരു ചെറിയ മനുഷ്യനു എളുപ്പത്തിൽ" എന്ന പദങ്ങൾ "കീഴടങ്ങുന്നു" എന്നുള്ള ആഖ്യാതത്തോടു ചേർന്നു നിൽക്കുന്നു. എത്ര വലിയ വാക്യമായാലും അതിലെ പദങ്ങളെ ഇതുപോലെ തരം തിരിക്കാം.

## അഭ്യാസം 6.

താഴെ എഴുതുന്ന വാക്യങ്ങളിലെ ആഖ്യയും ആഖ്യാതവും ഇന്നതെന്നു പറയുക:—

1 കാററുവീശുന്നു.
2 അവൻ ഉറക്കെ വായിക്കുന്നു.
3 കുതിര ഓടുന്നു.
4 മയിൽ ആടുന്നു.
5 ഭൃത്യൻ ചെടികളെ നനസ്ക്കുന്നു.
6 ഗോപാലപിള്ള നടക്കുന്നു.
7 വണ്ടി ഓടുന്നു.
8 ജാനകി എഴുതുന്നു.
9 കാക്ക കരയുന്നു.
10 പക്ഷികൾ ചിലയ്ക്കുന്നു.
11 സിംഹം ഗർജ്ജിക്കുന്നു.
12 മരം വീഴുന്നു.
13 കുട്ടി നിലവിളിക്കുന്നു.
14 ഇലകൾ അനങ്ങുന്നു.
15 സൂര്യൻ അസ്തമിക്കുന്നു.

## അഭ്യാസം 7.

താഴെ എഴുതുന്ന ആഖ്യകൾക്ക് ഉചിതങ്ങളായ ആഖ്യാതങ്ങൾ ചേർത്തു വാക്യം പൂരിപ്പിക്കുക:—

1 പശു......
2 മാമ്പഴം.........
3 കോഴി.........

4 പാമ്പ്.........
5 ആകാശവിമാനം.........
6 കുട്ടി.........
7 വാദ്ധ്യാർ.........
8 ചന്ദ്രൻ.........
9 തീവണ്ടി.........
10 മഷിക്കുപ്പി.........
11 പമ്പരം.........
12 മയിൽ.........
13 കുയിൽ.........
14 തേൾ.........
15 തേനീച്ച.........
16 വെള്ളം.........

## അഭ്യാസം 8.

താഴെ എഴുതുന്ന ആഖ്യാതങ്ങളോടു ശരിയായ ആഖ്യകൾ ചേർത്തു വാക്യം പൂരിപ്പിക്കുക:—

1 .........അലറുന്നു.
2 .........മുളയ്ക്കുന്നു.
3 .........ചീറുന്നു.
4 .........മിന്നുന്നു.
5 .........മുരളുന്നു.
6 .........ചിലയ്ക്കുന്നു.
7 .........അലക്കുന്നു.

8 .........ഒഴുകുന്നു.
9 .........വീഴുന്നു.
10 .........വാടുന്നു.
11 .........ഉതിരുന്നു.
12 .........വിടരുന്നു.
13 .........ചാടുന്നു.
14 .........ഇഴയുന്നു.
15 .........മുഴങ്ങുന്നു.
16 .........കായ്ക്കുന്നു.

## അഭ്യാസം 9.

താഴെ എഴുതുന്ന വാക്യങ്ങളിൽ ആഖ്യയും ആഖ്യാതവും ഇന്നതെന്നു കാണിച്ച്, ആഖ്യയോടും ആഖ്യാതത്തോടും ചേർന്നു നില്ക്കുന്ന പദങ്ങളെ പ്രത്യേകം ചൂണ്ടിക്കാണിക്കുക.

1 ചില കുട്ടികൾ ഉറക്കെ വായിക്കുന്നു.
2 നല്ല പശുക്കൾ വളരെ ചുരുക്കമാകുന്നു.
3 മുടന്തുള്ള മനുഷ്യർ പതുക്കെ നടക്കുന്നു.
4 മെലിഞ്ഞ കുതിരകൾ വേഗം ഓടുന്നു.
5 ചീത്ത കുട്ടികൾ ശരിയായി പഠിക്കുന്നില്ല.
6 ബുദ്ധിയുള്ള ആളുകൾ സുഖമായി ജീവിക്കുന്നു.
7 ഇണങ്ങിയ പട്ടികൾ യജമാനന്മാരെ നല്ലപോലെ സ്നേഹിക്കുന്നു.

8 പരിചയമുള്ള ആളുകൾ ഭംഗിയായി ചിത്രം വരയ്ക്കുന്നു.

9 ചിലതരം വിത്തുകൾ എളുപ്പത്തിൽ മുളയ്ക്കുന്നു.

10 പഠിപ്പുള്ള ഭാഗവതർ രസമായി പാടുന്നു.

11 പണമില്ലാത്ത മനുഷ്യർ കഷ്ടപ്പെട്ടു ജീവിക്കുന്നു.

12 സർവ്വശക്തനായ ദൈവം എല്ലാവരേയും ദയയോടെ കാത്തുരക്ഷിക്കുന്നു.

---

## നാമം

ആഖ്യയേയും ആഖ്യാതത്തേയും തരം തിരിക്കാൻ പഠിച്ചതിൽ നിന്നു നമുക്കു ഒരു പുതിയ കാര്യം മനസ്സിലാകുന്നുണ്ട്. ആഖ്യകൾ എപ്പൊഴും ഏതെങ്കിലും ചിലതുകളുടെ പേരുകളായിരിക്കും.

കുയിൽ പാടുന്നു.
വെള്ളം ഒഴുകുന്നു.
കുട്ടി ഉറങ്ങുന്നു.
മഴ പെയ്യുന്നു.
വിത്തു മുളയ്ക്കുന്നു.
പഞ്ചസാര മധുരിക്കുന്നു.

ഈ വാക്യങ്ങളിൽ ആഖ്യകളായി നില്ക്കുന്ന പദങ്ങൾ കുയിൽ, വെള്ളം, കുട്ടി, മഴ, വിത്തു, പഞ്ചസാര എന്നിവയാണല്ലോ. ഇവയെല്ലാം ഒന്നിന്റെ അല്ലെ

ങ്കിൽ മററൊന്നിൻെറ പേരുകളാണെന്നു കാണാം. കുയിൽ എന്നതു ഒരു പക്ഷിയുടെ പേരാകുന്നു. പഞ്ചസാര ഒരു മധുരപദാത്ഥത്തിൻെറ പേരാകുന്നു. ഇതുപോലെ തന്നെ മററുള്ള പദങ്ങളെ പരിശോധിച്ചു നോക്കിയാലും അവയും ചില പേരുകളാണെന്നു മനസ്സിലാക്കാൻ പ്രയാസമില്ല. ഇതുകൊണ്ടു മനസ്സിലാക്കേണ്ടതു വാക്യങ്ങളിൽ ആഖ്യകളായി നില്ക്കുന്ന പദങ്ങൾ ഏതെങ്കിലും ആളുകളുടേയോ ജന്തുക്കളുടേയൊ സാധനങ്ങളുടേയോ പേരുകളായിരിക്കുമെന്നാകുന്നു. ഇങ്ങനെ ഏതിൻെറയെങ്കിലും ഒന്നിൻെറ പേരായി നില്ക്കുന്ന പദങ്ങൾക്കു നാമം എന്നാണു പേരു്. ആഖ്യകൾ എപ്പൊഴും നാമങ്ങളായിരിക്കും. രാമൻ, തെങ്ങു്, സിംഹം, കുയിൽ, തറ മുതലായവ നാമപദങ്ങളാകുന്നു.

ആളുകളുടേയോ ജന്തുക്കളുടേയോ പേരുകൾക്കു മാത്രമേ നാമം എന്നു പറയാൻ പാടുള്ളു എന്നു നിങ്ങൾ തെററിദ്ധരിക്കരുതു്. സ്ഥലങ്ങൾ, രാജ്യങ്ങൾ, ഭക്ഷണപദാത്ഥങ്ങൾ, വൃക്ഷങ്ങൾ, ചെടികൾ മുതലായ സകലതിൻേറയും പേരുകൾ നാമങ്ങൾ തന്നെ. കളിക്കോപ്പുകളും അവയുടെ നിറങ്ങളും ഇക്കൂട്ടത്തിൽ ഉൾപെടും. ചുവപ്പു് എന്നുള്ളതു് ഒരു നിറത്തിൻെറ പേരാണല്ലൊ. അതിനാൽ അതും നാമപദംതന്നെ. ഇങ്ങനെ നോക്കിയാൽ ഭാഷയിൽ ഉള്ള പദങ്ങളിൽ ഒരു വലിയ പങ്കും നാമങ്ങളാണെന്നു നിങ്ങൾക്കു കാണാൻ കഴിയും. കടലാസ്സു്, പെൻസിൽ, ബെഞ്ചു് ഇവയെല്ലാം നാമപദങ്ങ

ളാകുന്നു. വെളുപ്പ്, ചുവപ്പ്, വളവ്, നീളം, പൊക്കം, ഇടി, മിന്നൽ ഇവയും നാമങ്ങളാണ്. നാം സംസാരിക്കുന്ന പദങ്ങളിൽ ഒട്ടുമുക്കാലും നാമങ്ങളാണെന്നു നിങ്ങൾക്കു ഇപ്പോൾ മനസ്സിലായല്ലോ.

## അഭ്യാസം 10

താഴെ എഴുതുന്ന വാക്യങ്ങളിൽ നിന്നു നാമപദങ്ങളെ തിരഞ്ഞെടുത്തു കാണിക്കുക:—

1 ഇന്നലെ വൈകുന്നേരം കുട്ടികൾ കളിച്ചുകൊണ്ടിരുന്നപ്പോൾ പന്തു കിണററിൽ വീണു.

2 രണ്ടു പട്ടികൾകൂടി ഒരു പശുവിനെ ഓടിച്ചു.

3 ആ മാവിന്മേൽ വളരെ മാങ്ങയുണ്ടു്.

4 ഈ മഷിക്കുപ്പിയിൽ അല്പം മഷി ഒഴിച്ചുകൊണ്ടുവരു.

5 ആനകൾ തടി വലിയ്ക്കുന്നു.

6 ആ വലിയ കെട്ടിടത്തിൽ ആരും താമസിക്കുന്നില്ല.

7 മുല്ല പൂത്താൽ സുഗന്ധം പരക്കുന്നു.

8 കൊച്ചുകുട്ടികളുടെ ഓട്ടവും ചാട്ടവും കളിയും കളിയും എല്ലാം ആളുകളെ വളരെ രസിപ്പിക്കുന്നു.

9 ദശരഥന് കൗസല്യ, കൈകേയി, സുമിത്ര എന്നിങ്ങനെ മൂന്നു ഭാര്യമാരുണ്ടായിരുന്നതിൽ കൗസല്യയിലുണ്ടായ മകനാണു ശ്രീരാമൻ.

10 കളിയും ചിരിയും പാട്ടും കൂത്തും കൊണ്ടു സമയം കഴിച്ചാൽ പോര; ഇടയ്ക്കിടയ്ക്കു കാൎയ്യവും നോക്കണം.

11 ചില പക്ഷികൾ പറക്കുമ്പോൾ ചിറകടിയുടെ ശബ്ദം വളരെ അകലത്തിൽ പോലും കേൾക്കാം.

## അഭ്യാസം 11.

1. പക്ഷികളുടെ പേരായി അഞ്ചു ശബ്ദങ്ങൾ പറയുക.

2 സ്ഥലങ്ങളുടെ പേരായി എട്ടു ശബ്ദങ്ങൾ പറയുക.

3 വൃക്ഷങ്ങളുടെ പേരായി ഏഴു ശബ്ദങ്ങൾ പറയുക.

4 ചെടികളുടെ പേരായി നാലു് ശബ്ദങ്ങൾ പറയുക.

5 നിറങ്ങളുടെ പേരായി അഞ്ചു ശബ്ദങ്ങൾ പറയുക.

6 ഇഴജന്തുക്കളുടെ പേരായി അഞ്ചു ശബ്ദങ്ങൾ പറയുക.

7 മൃഗങ്ങളുടെ പേരായി പത്തു ശബ്ദങ്ങൾ പറയുക.

8 നിങ്ങൾക്കു പരിചയമുള്ള പത്താളുകളുടെ പേരു പറയുക.

9 അഞ്ചു പുസ്തകങ്ങളുടെ പേരു പറയുക.

10 പത്തു വീട്ടുസാധനങ്ങളുടെ പേരു പറയുക.

## അഭ്യാസം 12

താഴെ എഴുതുന്ന വാക്യങ്ങളിൽ നിന്നു് ആളുകൾ, മൃഗങ്ങൾ, നിറങ്ങൾ, സ്ഥലങ്ങൾ, മരങ്ങൾ എന്നിവയുടെ പേരുകളായ നാമപദങ്ങളെ തരം തിരിച്ചെഴുതുക.

ദിലീപസിംഹൻ തന്റെ വിശ്വസ്ത ഭൃത്യനായ അലിഖാനോടുകൂടി ഒരു കുതിരയുടെ പുറത്തു കയറി. കാററാടി, പേരാൽ, മാവു മുതലായ വൃക്ഷങ്ങൾ നിരന്നുവളർന്നു വഴിയാത്രക്കാൎക്കു തണലിനെ പ്രദാനംചെയ്തിരുന്ന ഒരു റോഡിൽകൂടിയാണു് അവർ യാത്രചെയ്തതു്. മുയൽ, മാൻ, കുയിൽ, കിളി മുതലായ പല ജന്തുക്കളേയും കണ്ടു സന്തോഷിച്ചുകൊണ്ടു യാത്ര തുടൎന്ന അവർ താമസിയാതെ ഡൽഹിയിലെത്തി. ആ സ്ഥലം കൽക്കത്ത, ബോംബെ മുതലായ ഇൻഡ്യയിലെ മററു പട്ടണങ്ങളേക്കാൾ എത്രയോ ഐശ്വൎയ്യസമൃദ്ധമായിട്ടാണു ശോഭിക്കുന്നതു്. ആകാശത്തോളം ഉയർന്ന അനവധി മാളികകൾ ആ പട്ടണത്തിന്റെ ശോഭയെ പതിന്മടങ്ങാക്കിത്തീർത്തു. പച്ച, ചുവപ്പു്, നീലം മുതലായ വൎണ്ണങ്ങളിലുള്ള ചായങ്ങൾ തേച്ചു ഭംഗിയാക്കീട്ടുള്ള ആ സൗധങ്ങളിൽ വലിയ വലിയ ഉദ്യോഗസ്ഥന്മാർ താമസിച്ചുവരുന്നു. മനോമോഹനനാണു ആ ഉദ്യോഗസ്ഥന്മാരിൽ ഒരാൾ. അദ്ദേഹത്തിന്റെ ഭൃത്യനായ രാമസിംഹൻ പഞ്ചാബുകാരനാകുന്നു. മനോമോഹനനു താരാഭായി എന്നു പേരായി ഒരു മകളുണ്ടു്. അവൾ നട്ടുവളൎത്തിയ ചമ്പകം പൂത്തുനില്ക്കുന്ന കാലമായിരുന്നു അതു്. പിച്ചി മുതലായി വേറെ ചിലതും കൂടി അവൾ നട്ടുവളൎത്തിയി

ങ്ങുവെങ്കിലും ചമ്പകത്തോടായിരുന്നു അവൾക്കു കൂടുതൽ സ്നേഹം. അതിനടുത്തായി നട്ടുപിടിപ്പിച്ചിരുന്ന ഇലഞ്ഞി പൂത്തുതുടങ്ങിയിരുന്നില്ല എങ്കിലും താരാഭായിയുടെ ഈ ഉദ്യാനം അതിഥിയായ ദിലീപസിംഹനെ വളരെ സന്തോഷിപ്പിച്ചു.

---

## ക്രിയ

ആഖ്യകളെല്ലാം നാമങ്ങളാണെന്നു നമുക്കു മനസ്സിലായല്ലോ. ഇനി ആഖ്യാതത്തെ സംബന്ധിച്ചും ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. രാമൻ വായിക്കുന്നു, അവൻ എഴുതുന്നു, കുട്ടി ഉറങ്ങുന്നു, പക്ഷി പറക്കുന്നു എന്ന വാക്യങ്ങളിൽ വായിക്കുന്നു, എഴുതുന്നു, ഉറങ്ങുന്നു, പറക്കുന്നു, എന്നുള്ള പദങ്ങൾ ആഖ്യാതങ്ങളാകുന്നു. ആ പദങ്ങൾ ആ വാക്യങ്ങളിൽ എന്താണു ചെയ്യുന്നതു്? ആഖ്യ നടത്തുന്ന ഓരോ പ്രവൃത്തികളെ ചൂണ്ടിക്കാണിക്കുന്നു. രാമൻ വായിക്കുന്നു എന്നുവെച്ചാൽ രാമൻ പുസ്തകത്തിൽ നോക്കി അതിലെ അക്ഷരങ്ങൾ തുടർന്നു ചൊല്ലുന്നു, അതായത്ു് വായിക്കുക എന്ന പ്രവൃത്തി നടത്തുന്നു, എന്നാണല്ലോ അർത്ഥം. എഴുതുന്നു എന്നുവെച്ചാൽ എഴുതുക എന്നപ്രവൃത്തി നടത്തുന്നു എന്നും, ഉറങ്ങുന്നു എന്നു വെച്ചാൽ ഉറങ്ങുക എന്ന പ്രവൃത്തി നടത്തുന്നുഎന്നും, പറക്കുന്നു എന്നുവെച്ചാൽ പറക്കുക എന്ന പ്രവൃത്തി നടത്തുന്നു എന്നുമാണു നമുക്കു അർത്ഥം മ

നസ്സിലാകുന്നതു്. എല്ലാ ആഖ്യാതങ്ങളും ഇതുപോലെ ഏതെങ്കിലും ഓരോ പ്രവൃത്തികളെ കാണിക്കുന്നവയായിരിക്കും. ഇങ്ങനെ ഏതെങ്കിലും ഒരു പ്രവൃത്തിയെ കുറിക്കുന്ന പദത്തിന്നു കൃതി എന്നു പേർ പറയുന്നു. മേലെഴുതിയ വാക്യങ്ങളിലുള്ള വായിക്കുന്നു, എഴുതുന്നു, ഉറങ്ങുന്നു, പറക്കുന്നു എന്ന ആഖ്യാതങ്ങളെല്ലാം ഓരോ കൃതികളാകുന്നു. ഒററപ്പദങ്ങളായ ആഖ്യാതങ്ങൾ എല്ലായ്പോഴും കൃതികളായിരിക്കും.

ഒരു പ്രവൃത്തിയെ കുറിക്കുന്ന പദം കൃതി എന്നാണല്ലോ മേൽ കാണിച്ച ഉദാഹരണങ്ങളിൽനിന്നു നമുക്കു മനസ്സിലായതു്. ചിലപ്പോൾ ഒരു വസ്തുവിൻെറ ഏതെങ്കിലും ഒരവസ്ഥയെ കാണിക്കുന്ന പദങ്ങളും കൃതികളുടെ കൂട്ടത്തിൽ ഉൾപ്പെടും. കുട്ടി മയങ്ങുന്നു. എന്ന വാക്യത്തിൽ കുട്ടി മയങ്ങുക എന്ന പ്രവൃത്തി നടത്തുന്നില്ല. തന്നത്താൻ മയങ്ങുകയാണു ചെയ്യുന്നതു്. അതായതു ആ കൃതി കുട്ടി മയങ്ങിക്കൊണ്ടിരിക്കുന്ന അവസ്ഥയെ കാണിക്കുന്നതേയുള്ളു. ആകുന്നു, ഉണ്ടു് എന്നുംമററുമുള്ള കൃതികൾ ഇതിലേക്കു കുറേക്കൂടി നല്ല ഉദാഹരണങ്ങളാണു്. രാമൻ അവിടെയുണ്ടു്. എന്നുപറയുന്ന സ്ഥലത്തു് "ഉണ്ടു്" എന്നുള്ള കൃതി ഒരു പ്രവൃത്തിയേയും കാണിക്കുന്നില്ല. രാമൻ ഒരു പ്രവൃത്തിയും നടത്തുന്നുമില്ല. രാമൻെറ ഒരവസ്ഥയെ—സാന്നിദ്ധ്യത്തെ—കാണിക്കാൻ മാത്രമേ ആ കൃതി ഉതകുന്നുള്ളൂ. അതിനാൽ കൃതി എന്നു വെച്ചാൽ എന്താണെന്നുള്ള ചോദ്യത്തിന്നു ശരിയായ

ഉത്തരം ഇതായിരിക്കും. "ഒന്ന ഒരുവിധമിരിക്കുന്നുവെന്നോ ഒരു പ്രവൃത്തി ചെയ്യുന്നുവെന്നോ കാണിക്കുന്ന ശബ്ദത്തിന്ന ക്രിയ എന്നു പേർ."

ഏതെങ്കിലും ഒരു ഭാഷയിലെ പദങ്ങളെ തരംതിരിച്ചാൽ, നാമങ്ങൾ കഴിഞ്ഞാൽ അടുത്ത സ്ഥാനം കിട്ടുന്നത് ക്രിയകൾക്കായിരിക്കും. എന്തുകൊണ്ടെന്നാൽ നാമങ്ങളെ അപേക്ഷിച്ച ക്രിയകളുടെ സംഖ്യ കുറവാണെങ്കിലും, ഇനി നാം പഠിക്കാനിരിക്കുന്ന മററു പദവിഭാഗങ്ങളെക്കാൾ അവ വളരെ കൂടുതലുണ്ട്. നാം നിത്യം സംസാരിക്കുന്ന അവസരങ്ങളിൽതന്നെ എത്ര തരത്തിലുള്ള ക്രിയകളെയാണു ഉപയോഗിക്കാറുള്ളത്?

## അഭ്യാസം 13.

താഴെ എഴുതുന്ന വാക്യങ്ങളിലുള്ള ക്രിയകൾ ഏതെല്ലാമെന്നു പറയുക:—

1 മഴ പെയ്തു; എങ്കിലും ഉഷ്ണം ശമിച്ചില്ല.

2 കറുത്ത പശുക്കളുടെ പാൽ വളരെ നല്ലതാകുന്നു.

3 ആ കുപ്പിയിൽ മഷി ഉണ്ട്.

4 ചില പട്ടികൾ ആളുകളെ കടിക്കുന്നു.

5 ആന അഴകുള്ള മൃഗമാകുന്നു.

6 രാമൻകുട്ടി ചിത്രം വരയ്ക്കുന്നു.

7 ഭാഗവതർ പാട്ടുപാടുന്നു.

8 എന്റെ മുണ്ടു നനഞ്ഞു.

9 പിച്ചകം പൂത്തു.

10 പശുക്കൾ പുല്ലു തിന്നുന്നു.

11 ഒട്ടകം ചുമടു ചുമക്കുന്നു.

12 അദ്ദേഹം വീണു; പക്ഷെ ഉടനെ എഴുന്നേററു. അതിനാൽ മററുള്ളവർ കണ്ടില്ല.

13 ഇപ്പോൾ വേനൽകാലമാണു്; നല്ല ചൂടുണ്ടു്.

14 ആ കുട്ടി എന്റെ പുസ്തകം കീറി.

15 ഹാ! എന്തൊരു സുഖം!

## അഭ്യാസം 14

1 നാം സാധാരണ ചെയ്യാറുള്ള പ്രവൃത്തികളിൽ പത്തെണ്ണത്തിന്റെ പേരു പറയുക.

2 കോഴി, പാമ്പു്, കാക്ക, മയിൽ, കാള, മുങ്ങ എന്നീ ജന്തുക്കൾ ചെയ്യുന്ന പ്രവൃത്തികളെ കാണിക്കുന്ന ഈരണ്ടു കൃതികൾ പറയുക.

3 നാം ഉപയോഗിക്കുന്ന സൂചി, ഉലക്ക മുതലായ ഉപകരണങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന്റെ പ്രകൃതികളെ കാണിക്കുന്ന അഞ്ചു കൃതികൾ പറയുക.

## അഭ്യാസം 15.

താഴെ എഴുതുന്ന വാക്യങ്ങളിൽ പ്രയോഗിച്ചിട്ടുള്ള കൃതികളുടെ അർത്ഥം പൂർണ്ണമാകുവാൻ ശരിയായ പദം ചേർക്കുക.

1 പന്തുകളി ഒരു നല്ല—ആകുന്നു.
2 മടി ഒരു ചീത്ത—ആണ്.
3 കുചേലൻ വളരെ—ആയിരുന്നു.
4 ആ കുട്ടി—ആയിത്തീരും.
5 രാജാവു—ആകട്ടെ.

---

## ഭേദകം-വിശേഷണം.

നാമം, കൃതി എന്നിങ്ങനെ രണ്ടുജാതി പദങ്ങളെപ്പറ്റി നാം പഠിച്ചു കഴിഞ്ഞു. ഭാഷയിലെ പദങ്ങളെല്ലാം ഈ രണ്ടു ജാതിയിൽ ഉൾപ്പെടുമോ? അതോ ഇവയ്ക്കു പുറമേ മററുതരത്തിലുള്ള പദങ്ങളുമുണ്ടോ? നമുക്കൊന്നു പരിശോധിച്ചു നോക്കാം. ആന അഴകുള്ള ഒരു മൃഗമാകുന്നു; ഉത്സാഹമുള്ള കുട്ടികൾ എളുപ്പത്തിൽ ജയിക്കുന്നു; പഠിപ്പുള്ള ഭാഗവതർ രസമായി പാടുന്നു; ചില കുട്ടികൾ ഉറക്കെ വായിക്കുന്നു; മെലിഞ്ഞ കുതിരകൾ വേഗം ഓടുന്നു. ഈ വാക്യങ്ങൾ നാം മുൻപു പഠിച്ചിട്ടുള്ളവയാണ്. ഇവയിൽ ഓരോന്നിലും നാമവും കൃതിയും മാത്രമേയുള്ളോ? ഒന്നാമത്തെ വാക്യം നോക്കുക.

ആന അഴകുള്ള മൃഗം ആകുന്നു.

ഇതിൽ ആന ഒരുമൃഗത്തിൻെറ പേരാകയാൽ നാമമാകുന്നു. മൃഗം എന്നുള്ളതും അങ്ങനെ തന്നെ. ആകുന്നു എന്നുള്ളതു കൃതിയാണെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. ഈ മൂന്നു പദങ്ങൾ കൂടാതെ അഴകുള്ള എന്ന ഒരു പ

ദവുംക്രൂടി ആ വാക്യത്തിൽ കാണുന്നു. അതു നാമമോ ക്രതിയോ അല്ല. എന്തുകൊണ്ടെന്നാൽ അതു ഒന്നിന്റെയും പേരല്ല. ഒരു പ്രവൃത്തിയെ കാണിക്കുന്നുമില്ല. പിന്നെ അതു എന്തു ചെയ്യുന്നു? മൃഗത്തിലുള്ള ഒരു വിശേഷത്തെ കാണിക്കുന്നു. മൃഗങ്ങൾ പല തരമുണ്ടെങ്കിലും ആനയ്ക്കു ഒരു വിശേഷമുണ്ട്. അതിനു അഴകുണ്ട് എന്നുള്ളതാണു ആ വിശേഷം. എന്നിങ്ങനെയുള്ള ഒരത്ഥമാണു മേൽകാണിച്ച വാക്യം കേൾക്കുമ്പോൾ നമുക്കു തോന്നുന്നതു്. അതായതു അഴകുള്ള എന്ന പദം മൃഗം എന്ന നാമത്തെ വിശേഷിപ്പിക്കുന്നു.

ഇനി രണ്ടാമത്തെ വാക്യമെടുത്തു നോക്കാം. "ഉത്സാഹമുള്ള കുട്ടികൾ എളുപ്പത്തിൽ ജയിക്കുന്നു." ഇതിൽ കുട്ടികൾ എന്നുള്ളതു നാമവും ജയിക്കുന്നു എന്നുള്ളതു ക്രതിയുമാകുന്നു. കുട്ടികൾ പലതരമുണ്ട്. എല്ലാ കുട്ടികളും ജയിക്കുന്നില്ല. അഥവാ ജയിച്ചാലും എളുപ്പത്തിൽ ജയിക്കുന്നില്ല. ഉത്സാഹമുള്ളവക്കു മാത്രമേ അതു സാധിക്കൂ എന്നുള്ള വിശേഷത്തെ കാണിക്കുന്നതിനു വേണ്ടി കുട്ടികൾ എന്നുള്ള നാമത്തെ ഉത്സാഹമുള്ള എന്ന പദംകൊണ്ടു വിശേഷിപ്പിച്ചിരിക്കുന്നു. ഇതു പോലെയാണു എളുപ്പത്തിൽ എന്ന പദവും. പക്ഷെ, അതു വിശേഷിപ്പിക്കുന്നതു കുട്ടികൾ എന്നുള്ള നാമത്തെയല്ലെന്നേ വ്യത്യാസമുള്ളൂ. ജയിക്കുന്നു എന്ന ക്രതിയെ

യാണ് അതു വിശേഷിപ്പിക്കുന്നതു്. "പഠിപ്പുള്ള ഭാഗവതർ രസമായി പാടുന്നു" എന്നുള്ള മൂന്നാമത്തെ വാക്യത്തിലും ഇതുപോലെയുള്ള രണ്ടു പദങ്ങളുണ്ടു്. പഠിപ്പുള്ള, രസമായി എന്നുള്ളവയാണു ആ പദങ്ങൾ. പഠിപ്പില്ലാത്ത ഭാഗവതക്കു രസമായി പാടാൻ സാധിക്കയില്ല എന്നുള്ള വിശേഷത്തെ കാണിക്കുകയാണ് ആ പദങ്ങൾ ചെയ്യുന്നതു്. ചില കുട്ടികൾ ഉറക്കെ വായിക്കുന്നു, മെലിഞ്ഞ കുതിരകൾ വേഗം ഓടുന്നു എന്നുള്ള നാലും അഞ്ചും വാക്യങ്ങളിലുള്ള ചില, ഉറക്കെ, മെലിഞ്ഞ, വേഗം എന്നീ പദങ്ങളും ഇതുപോലെ മററു പദങ്ങളെ ഓരോ വിധത്തിൽ വിശേഷിപ്പിക്കുന്നവയാകുന്നു. അവ പ്രയോഗിക്കാതിരിക്കുമ്പോൾ ഉള്ളതിനേക്കാൾ കൂടുതലായ ഒരു വിശേഷാൎത്ഥത്തെ ആ പദങ്ങൾ കാണിക്കുന്നു. ഇങ്ങനെ മററു പദങ്ങളോടുകൂടി നിന്നു അവയുടെ അൎത്ഥത്തെ ഏതെങ്കിലും തരത്തിൽ വിശേഷിപ്പിക്കുന്ന പദങ്ങൾക്കു വിശേഷണങ്ങൾ എന്നു പേർ പറയുന്നു. ചിലർ ഇവയ്ക്കു ഭേദകങ്ങൾ എന്നും പേർ പറയും.

## അഭ്യാസം 16.

താഴെ എഴുതുന്ന വാക്യങ്ങളിലുള്ള വിശേഷണപദങ്ങളെ എടുത്തു കാണിക്കുക.

1 എൻെറ വീട്ടിൽ ഒരു വളഞ്ഞ വടിയുണ്ടു്.

2 പഴയ പുസ്തകം എളുപ്പത്തിൽ കീറും.

3 ദരിദ്രനായ കുചേലൻ ദ്വാരകയിലേയ്ക്കു പോയി.

4 ഭംഗിയുള്ള പക്ഷിയാണ് അതു്.

5 അതു മധുരമായി പാടുന്നു.

6 ഉടഞ്ഞ കലത്തിൽ വെള്ളം ഇരിക്കയില്ല.

7 ടാഗോർ ഒരു വലിയ കവിയാകുന്നു.

8 അദ്ദേഹത്തിനു പലസമ്മാനങ്ങളും കിട്ടീട്ടുണ്ടു്.

9 ഭീമൻ ശക്തിയുള്ള ഒരാളായിരുന്നു.

10 ഭൂമി ഉരുണ്ട ഒരു ഗോളമാകുന്നു.

11 വായുസഞ്ചാരമുള്ള മുറിയിൽ കിടന്നുറങ്ങണം.

12 ദയവില്ലാത്ത മനുഷ്യരെ ലോകം വെറുക്കുന്നു.

13 അറിവുള്ള ആളുകൾ ദുഷ്പ്രവൃത്തി ചെയ്കയില്ല.

14 ഫലമുള്ള വൃക്ഷങ്ങളെ നട്ടുവളർത്തണം.

15 നീതിമാന്മാരായ സജ്ജനങ്ങളെ ദൈവം കാത്തു രക്ഷിക്കും.

## അഭ്യാസം 17

താഴെ ഉദ്ധരിക്കുന്ന ചെറുകഥയിൽനിന്നു വിശേഷണങ്ങളെ പ്രത്യേകമെടുത്തു അവ നാമത്തേയോ ക്രിയേയോ വിശേഷിപ്പിക്കുന്നതെന്നു പറയുക:—

"ഒരിക്കൽ വിശന്നുവലഞ്ഞ ഒരു കുറുക്കൻ ആഹാരമന്വേഷിച്ചു നടക്കുകയായിരുന്നു. പല സ്ഥലങ്ങളിലും നടന്നതിനുശേഷം അവൻ ഒരു മുന്തിരിത്തോട്ടത്തിലെത്തി. അവിടെ മുന്തിരിങ്ങ ധാരാളമായി പഴുത്തു കിടന്നിരുന്നു. വിശപ്പുള്ള കുറുക്കൻ മുന്തിരിങ്ങ ഭക്ഷിച്ചു വിശപ്പു തീക്കാമെന്നു വിചാരിച്ചു വേഗത്തിൽ ഓടിച്ചെന്നു. മുന്തിരിങ്ങ കുറുക്കന്നു എത്താത്തവിധം അല്പം മുകളിലായിട്ടാണു തൂങ്ങിക്കിടന്നിരുന്നതു്. ചാടിയാൽ അതു കൈക്കലാക്കാമെന്നു വിചാരിച്ചു അവൻ പതുക്കെ മേല്പോട്ടേക്കു ചാടാൻ തുടങ്ങി. പക്ഷെ മുന്തിരിങ്ങ കിട്ടിയില്ല. അവൻെറ ബുദ്ധിയും സൂത്രവുമൊന്നും അവിടെ ഫലിച്ചില്ല. ഒടുവിൽ മുന്തിരിങ്ങ തനിക്കു കിട്ടുകയില്ലെന്നു മനസ്സിലായപ്പോറം വളരെ ഇച്ഛാഭംഗത്തോടുകൂടി "ഛീ! അതു പുളിക്കും. പുളിക്കുന്ന മുന്തിരിങ്ങ എനിക്കു വേണ്ട" എന്നു പറഞ്ഞു അവൻ അവിടെനിന്നു ഓടിപ്പൊയ്ക്കളഞ്ഞു."

## അഭ്യാസം 18.

താഴെ എഴുതുന്ന വാക്യങ്ങളിൽ ഇടവിട്ട സ്ഥലത്തു ഉചിതങ്ങളായ വിശേഷണങ്ങളെ ചേക്കുക:—

1 ......... കുട്ടികറം പരീക്ഷയിൽ തോല്ക്കുന്നു.
2 ലക്ഷ്മിക്കുട്ടി.........പാടുന്നു.
3 എൻെറ പുസ്തകം.........മുഷിയുന്നു.
4 .........കടലാസ്സ് എളുപ്പത്തിൽ കീറും.
5 സ്വർണ്ണം........., ഒരു ലോഹമാകുന്നു.

6 അവൻ.........വാക്കുകൾ പറഞ്ഞു.

7 .........മരുന്നു കുട്ടികൾ ഇഷ്ടപ്പെടുന്നില്ല.

8 ദൈവം.........ജനങ്ങളെ സഹായിക്കും.

9 .........ജനങ്ങളെ ആളുകൾ പരിഹസിക്കുന്നു.

10 പോലീസുകാർ.........തൊപ്പി ധരിക്കുന്നു.

## അഭ്യാസം 19

1 നാമങ്ങളെ വിശേഷിപ്പിക്കുന്ന പദങ്ങളുപയോഗിച്ചു പത്തു വാക്യങ്ങളെഴുതുക.

2 ക്രിയകളെ വിശേഷിപ്പിക്കുന്ന പദങ്ങളുപയോഗിച്ചു അഞ്ചു വാക്യങ്ങളെഴുതുക.

3 നാമങ്ങളേയും ക്രിയകളേയും വിശേഷിപ്പിക്കുന്ന പദങ്ങളുപയോഗിച്ചു നാലു വാക്യങ്ങളുണ്ടാക്കുക.

---

## പദങ്ങളുടെ പരസ്പരബന്ധം.

നമ്മുടെ ശരീരത്തിൽ കൈകൾ, കാലുകൾ, കണ്ണുകൾ എന്നു തുടങ്ങി പല അവയവങ്ങളുണ്ടല്ലോ. ഈ അവയവങ്ങൾ—അല്ലെങ്കിൽ അംഗങ്ങൾ—പരസ്പരബന്ധമില്ലാതെ ഒററയ്ക്കൊററയ്ക്കു നില്ക്കുകയാണോ ചെയ്യുന്നതു്? അല്ല. അവ് അന്യോന്യം ബന്ധപ്പെട്ടു തന്നെ നില്ക്കുന്നു. കൈകളുടെ സഹായമില്ലാതെ ഒരു ശരീരത്തിനു എന്തു പ്രവൃത്തിയാണു ചെയ്യാൻ കഴിയുക? കാലുകളുടെ സഹായമില്ലാതെ ഒരാൾ എങ്ങനെ നടക്കും?

കണ്ണില്ലെങ്കിൽ കാണ്മാൻ സാധിക്കുമോ? വാസ്തവമാലോചിച്ചാൽ അംഗങ്ങളുടെ പരസ്പരബന്ധമാണ ശരീരത്തെ നിലനിറുത്തുന്നതു്.

അംഗങ്ങൾക്കു പരസ്പരബന്ധം മാത്രമല്ല, ഓരോ പ്രത്യേകപ്രവൃത്തിയുമുണ്ടു്. അതതു അംഗങ്ങൾ അതതിന്റെ പ്രവൃത്തികൾ ശരിക്കു നടത്തിക്കൊണ്ടിരുന്നാൽ മാത്രമേ ശരീരംകൊണ്ടു പ്രയോജനമുള്ളൂ. കാലുണ്ടെങ്കിലും മുടന്തനായാൽ ശരിക്കു നടക്കാൻ സാധിക്കയില്ലല്ലോ.

ശരീരത്തെപ്പോലെയാണ വാക്യങ്ങളുടേയും സ്ഥിതി. ശരീരം അവയവസമ്പൂൎണ്ണമായിരുന്നാൽ മാത്രമേ അതുകൊണ്ടു എല്ലാ പ്രവൃത്തികളും ചെയ്യാൻ സാധിക്കയുള്ളൂ. അതുപോലെ വാക്യം ഉചിതങ്ങളായ പദങ്ങളെക്കൊണ്ടു സമ്പൂൎണ്ണമായിരുന്നാൽ മാത്രമേ ഉദ്ദേശിക്കുന്ന അൎത്ഥം വെളിപ്പെടുകയുള്ളൂ. ശരീരത്തിലേ ഓരോ അംഗത്തിനും പരസ്പരബന്ധവും പ്രത്യേകം പ്രവൃത്തിയും ഉള്ളതുപോലെ വാക്യത്തിലേ പദങ്ങൾക്കും ചില ബന്ധങ്ങളും പ്രത്യേകം അൎത്ഥങ്ങളും ഉണ്ടു്. ഒരു ഉദാഹരണംകൊണ്ടു ഇക്കാൎയ്യം തെളിയിക്കാൻ നോക്കാം.

നനഞ്ഞ കടലാസ്സു് എളുപ്പത്തിൽ കീറുന്നു.

ഈ വാക്യത്തിൽ ആകെ നാലു പദങ്ങൾ ഉണ്ടു്. ഇവയ്ക്കു തമ്മിൽ വല്ല ബന്ധവും ഉണ്ടോ എന്നാണല്ലോ നമുക്കറിയേണ്ടതു്. അതിനു ഓരോ പദവും എടുത്തു പരിശോധിക്കാം. ആദ്യം ക്രിയതന്നെയാകട്ടെ. കീറുന്നു എന്നുള്ളതാണല്ലോ ഈ വാക്യത്തിലേ ക്രിയ. കീറുന്നു

എന്നു പറഞ്ഞാൽ, ഒരു വസ്തു രണ്ടോ അധികമോ ഭാഗങ്ങളായി പിരിയുന്നു എന്നുള്ള ഒരത്ഥമാണു നമുക്കു മനസ്സിലാകുന്നതു്. അതു കഴിഞ്ഞാൽ പെട്ടെന്നു നമ്മുടെ മനസ്സിൽ ഉദിക്കുന്ന ഒരു ചോദ്യം എന്തു കീറുന്നു എന്നാണു്. കടലാസ്സു കീറുന്നു എന്നുത്തരം പറയാം. കടലാസ്സു് എങ്ങനെ കീറുന്നു എന്നുള്ള ചോദ്യത്തിനു "എളുപ്പത്തിൽ" എന്നുള്ള സമാധാനം കിട്ടുന്നു. എങ്ങനെയുള്ള കടലാസ്സാണു എളുപ്പത്തിൽ കീറുന്നതു്? "നനഞ്ഞ കടലാസ്സു എളുപ്പത്തിൽ കീറുന്നു." ഇപ്പോൾ വാക്യം പൂർണ്ണമായി. ഇപ്പോൾ ഈ വാക്യത്തിലുള്ള ഓരോ പദത്തിന്റേയും പ്രവൃത്തി ഇന്നതാണെന്നു നിങ്ങൾക്കു മനസ്സിലായോ? ഇല്ലെങ്കിൽ കുറേക്കൂടി എളുപ്പമായ രീതിയിൽ അതു പറഞ്ഞു മനസ്സിലാക്കാം:--

'നനഞ്ഞ' എന്നപദം കടലാസ്സു് എങ്ങനെ ഉള്ളതാണെന്നു കാണിക്കുന്നു. അതു കടലാസ്സു് എന്ന നാമത്തോടു ചേർന്നുനിന്നു അതിനെ വിശേഷിപ്പിക്കുന്നു.

"കടലാസ്സു്" എന്ന പദം കീറുന്നസാധനത്തെ കാണിക്കുന്നു. അതു കീറുന്നു എന്ന ക്രിയയോടു ചേരുന്നു.

'എളുപ്പത്തിൽ' എന്നപദം എങ്ങനെ കീറുന്നു എന്നു കാണിക്കുന്നു. അതു കീറുന്നു എന്ന ക്രിയയോടു ചേരുന്നു.

"കീറുന്നു" എന്നപദം കടലാസ്സിനുണ്ടായ അവസ്ഥയെ കാണിക്കുന്നു. അതു കടലാസ്സു് എന്ന നാമത്തോടു ചേരുന്നു.

ഈ നാലു പദങ്ങളേയും നമുക്കു താഴെ കാണിക്കുന്ന വിധം തരംതിരിക്കാം:—

കടലാസ്സ്—നാമം.
കീറുന്നു—കൃതി.
നനഞ്ഞ
എളുപ്പത്തിൽ } വിശേഷണം.

ഒരു വാക്യത്തിലുള്ള ഓരോ പദത്തിനും ചില പ്രത്യേക അർത്ഥങ്ങളുണ്ടെന്നും അവയ്ക്കു വാക്യത്തിൽ ചില പ്രത്യേക സ്ഥാനങ്ങളും ബന്ധങ്ങളുമുണ്ടെന്നും ഇപ്പോൾ നമുക്കു മനസ്സിലായല്ലോ. എല്ലാ വാക്യങ്ങളിലുമുള്ള പദങ്ങളേയും നമുക്കു ഇങ്ങനെ തരം തിരിക്കാം. അല്പം വലുതായ മറെറാരു വാക്യത്തെ നമുക്കൊന്നു പരിശോധിച്ചു നോക്കാം:--

"നീതിമാനായ ജഡ്ജി ദുഷ്ടനായ കള്ളനെ കഠിനമായി ശിക്ഷിച്ചു."

ഇതിൽ ആറു പദങ്ങൾ ഉണ്ട്. ശിക്ഷിച്ചു എന്നുള്ളതാണു ഈ വാക്യത്തിലെ കൃതി. ചോദ്യോത്തരങ്ങളെക്കൊണ്ടുതന്നെ പദങ്ങൾക്കു തമ്മിലുള്ള ബന്ധത്തെ തെളിയിക്കാം.

ആരു ശിക്ഷിച്ചു?
"ജഡ്ജിശിക്ഷിച്ചു."
ജഡ്ജി ആരെ ശിക്ഷിച്ചു?
"ജഡ്ജി കള്ളനെ ശിക്ഷിച്ചു."
ജഡ്ജി കള്ളനെ എങ്ങനെ ശിക്ഷിച്ചു?

"ജഡ്ജി കള്ളനെ കഠിനമായി ശിക്ഷിച്ചു"

എങ്ങനെയുള്ള ജഡ്ജി കള്ളനെ കഠിനമായി ശിക്ഷിച്ചു?

"നീതിമാനായ ജഡ്ജി കള്ളനെ കഠിനമായി ശിക്ഷിച്ചു?

നീതിമാനായ ജഡ്ജി എങ്ങനെയുള്ള കള്ളനെ കഠിനമായി ശിക്ഷിച്ചു?

"നീതിമാനായ ജഡ്ജി ദുഷ്ടനായ കള്ളനെ കഠിനമായി ശിക്ഷിച്ചു."

ഇനി ഓരോ പദത്തിൻേറയും നില പരിശോധിക്കാം.

1 'നീതിമാനായ' എന്ന പദം ജഡ്ജി എങ്ങനെയുള്ളവനാണെന്നു കാണിക്കുന്നു. ജഡ്ജി എന്ന നാമത്തെ വിശേഷിപ്പിക്കുന്നു. ആ നാമപദത്തോടു ചേൎന്നു നില്ക്കുന്നു.

2 "ജഡ്ജി" എന്ന പദം ശിക്ഷിച്ചതാരാണെന്നു കാണിക്കുന്നു. ശിക്ഷിച്ചു എന്ന ക്രിയയോടു ചേരുന്നു.

3 'ദുഷ്ടനായ' എന്ന പദം കള്ളൻ എങ്ങനെയുള്ളവനാണെന്നു കാണിക്കുന്നു; കള്ളൻ എന്ന നാമത്തെ വിശേഷിപ്പിക്കുന്നു. ആ നാമപദത്തോടു ചേൎന്നു നില്ക്കുന്നു.

4 'ദുഷ്ടനെ' എന്ന പദം ആരെ ശിക്ഷിച്ചു—ആരാണു് ശിക്ഷയനുഭവിച്ചതു്—എന്നു കാണിക്കുന്നു. ശിക്ഷിച്ചു എന്ന പദത്തോടു ചേരുന്നു.

5 'കഠിനമായി' എന്ന പദം എങ്ങനെയാണു ശിക്ഷിച്ചതു് എന്നു കാണിക്കുന്നു. ശിക്ഷിച്ചു എന്ന കൃതിയെ വിശേഷിപ്പിക്കുന്നു. കൃതിയോടു ചേരുന്നു.

"ശിക്ഷിച്ചു" എന്ന പദം ജഡ്ജി നടത്തിയ പ്രവൃത്തിയെ കാണിക്കുന്നു. ജഡ്ജി എന്ന പദത്തോടു ചേരുന്നു.

1 നീതിമാനായ— നാമത്തെ വിശേഷിപ്പിക്കുന്ന വിശേഷണം.

2 ജഡ്ജി— ഒരുദ്യോഗസ്ഥന്റെ പേരു്—നാമം.

3 ദുഷ്ടനായ— നാമത്തെ വിശേഷിപ്പിക്കുന്നു. വിശേഷണം.

4 കള്ളനെ—കക്കുന്ന ആളുടെ പേരു്—നാമം.

5 കഠിനമായി—കൃതിയെ വിശേഷിപ്പിക്കുന്നു—വിശേഷണം.

6 ശിക്ഷിച്ചു—ഒരു പ്രവൃത്തിയെ കാണിക്കുന്നു—കൃതി.

ഇങ്ങനെ പദങ്ങളെ തരം തിരിക്കുന്ന സമ്പ്രദായത്തിനു വ്യാകരിപ്പു് എന്നു പേർ പറയുന്നു.

## അഭ്യാസം 20.

താഴെ എഴുതുന്ന വാക്യങ്ങളെ വ്യാകരിക്കുക.

1 കുട്ടി കളിക്കുന്നു.

2 പൂച്ച എലിയെ മാന്തുന്നു.

3 ദരിദ്രനായ കുചേലൻ ശ്രീകൃഷ്ണനെ കണ്ടു.

4 കൃഷ്ണൻ കുചേലനെ വേണ്ടപോലെ അനുഗ്രഹിച്ചു.

5 മാവു കായ്ക്കുന്നു.

6 അച്ഛൻ മാമ്പഴം തിന്നുന്നു.

7 കരിഞ്ഞ അപ്പം നല്ലതല്ല.

8 ഞാൻ ഭക്തനായ ഒരു സന്യാസിയെ കണ്ടു.

9 അർജ്ജുനൻ ശത്രുക്കളെ ജയിച്ചു.

10 ഭാഗവതർ രസമായി പാടുന്നു.

11 പൂച്ച പാൽ കുടിക്കുന്നു.

12 ഉത്സാഹമുള്ള കുട്ടികൾ പഴയപാഠങ്ങളെ പതിവായി വായിക്കുന്നു.

---

## വാചകരചന

വാക്യത്തിൽ പ്രയോഗിക്കപ്പെടുന്ന പദങ്ങൾക്കെല്ലാം ശരിയായ പരസ്പരബന്ധമുണ്ടെന്നു ഇപ്പോൾ നമുക്കു മനസ്സിലായല്ലോ. പദങ്ങൾ തെററില്ലാത്തവയായിരിക്കാൻ ശ്രമിക്കേണ്ടതുപോലെ, അവ വേണ്ടസ്ഥലത്തു യഥോചിതം പ്രയോഗിക്കാനും പ്രത്യേകം മനസ്സിരുത്തേണ്ടതാകുന്നു. കണ്ണു മൂക്കിൻെറ സ്ഥാനത്തും കൈകൾ വയറിൻെറ സ്ഥാനത്തും ഘടിപ്പിച്ചാൽ നമ്മുടെ ശരീരം എത്രമാത്രം വിരൂപമായിത്തോന്നുമോ, പദങ്ങളെ വേണ്ടസ്ഥലത്തു പ്രയോഗിക്കാതിരുന്നാൽ, വാക്യങ്ങളും അത്രമാത്രം വികൃതങ്ങളായിപ്പോകും. എന്നുമാത്രമല്ല, വായനക്കാർ അർത്ഥം തെററിദ്ധരിക്കാനും ഇടവന്നേക്കും. വ്യാകരിപ്പിനു ഉദാഹരണമായി കൊടുത്ത

രണ്ടാമത്തെ വാക്യംതന്നെ ഇതിലേയ്ക്ക ദൃഷ്ടാന്തമായി സ്വീകരിക്കാം. നീതിമാനായ ജഡ്ജി ദുഷ്ടനായ കള്ളനെ കഠിനമായി ശിക്ഷിച്ചു എന്നാണല്ലൊ ആ വാക്യം. നീതിമാൻ, ജഡ്ജി, ദുഷ്ടൻ, കള്ളൻ, കഠിനമായി, ശിക്ഷിച്ചു എന്നിങ്ങനെ ആറു പദങ്ങളാണ് ആ വാക്യത്തിലുള്ളതു്. ഇവ യഥോചിതം വേണ്ട സ്ഥാനത്തു പ്രയോഗിക്കാതിരുന്നാൽ ഉദ്ദേശിക്കുന്ന അൎത്ഥം ആ വാക്യത്തിൽ നിന്നു കിട്ടുകയില്ല. നോക്കുക.

1 ദുഷ്ടനായ ജഡ്ജി നീതിമാനായ കള്ളനെ കഠിനമായി ശിക്ഷിച്ചു.

2 നീതിമാനായ കള്ളൻ ദുഷ്ടനായ ജഡ്ജിയെ കഠിനമായി ശിക്ഷിച്ചു.

3 ദുഷ്ടനായ കള്ളൻ നീതിമാനായ ജഡ്ജിയെ കഠിനമായി ശിക്ഷിച്ചു.

ഈ വാക്യങ്ങളിൽ മേൽകാണിച്ച ആറു പദങ്ങളും ഉപയോഗിച്ചിട്ടുണ്ടെങ്കിലും, സ്ഥാനം മാറിപ്പോയതു കൊണ്ടു് അൎത്ഥത്തിനും വ്യത്യാസം നേരിടുന്നു. ഒന്നാമത്തെ വാക്യത്തിൽ ജഡ്ജി ദുഷ്ടനും കള്ളൻ നീതിമാനുമായിത്തീരുന്നു. മൂന്നാമത്തേതിൽ കള്ളൻ ജഡ്ജിയെ ശിക്ഷിക്കുന്നു. ഈ വാക്യങ്ങളിൽ അൎത്ഥത്തിനും വാക്യത്തിനും വൈരൂപ്യം സംഭവിക്കുക മാത്രമല്ല ഉണ്ടായിട്ടുള്ളതു്. ഉദ്ദേശിക്കുന്നതിനു നേരെ വിപരീതമായ അൎത്ഥം ഇവയിൽ നിന്നു തെളിയുകയും ചെയ്യുന്നു. പദങ്ങൾ മാറിയതുകൊണ്ടല്ല, സ്ഥാനംതെററി പ്രയോഗിച്ചു

തുകൊണ്ടു മാത്രമാണു ഈ വക അനൎത്ഥങ്ങളൊക്കെയു ണ്ടായതു്. അതിനാൽ, വാക്യമെഴുതുമ്പോൾ പദങ്ങ ളെ സ്ഥാനം തെററി ഉപയോഗിച്ചു പോകാതിരിപ്പാൻ പ്രത്യേകം മനസ്സിരുത്തേണ്ടതാകുന്നു.

### അഭ്യാസം 21

താഴെ കൊടുത്തിട്ടുള്ള പദങ്ങളെ വേണ്ട സ്ഥാനത്തു വേണ്ടതുപോലെ ഉപയോഗിച്ചു വാക്യങ്ങളുണ്ടാക്കുക.

1 രാവണൻ. കൊന്നു. രാമൻ. ലങ്ക. വെച്ചു്.
2 ദുഷ്ടന്മാർ. രാജാക്കന്മാർ. ശിക്ഷിക്കുന്നു.
3 പാമ്പു്. കീരി. കൊല്ലുന്നു. വിഷമുള്ള.
4 ആകുന്നു. ദശരഥൻ. മകൻ. രാമൻ.
5 തീവണ്ടി. ആകാശവിമാനം. വേഗം. ഉണ്ടു്.
6 ചക്രവൎത്തി. മഹാരാജാവു്. കീഴിൽ. ആകുന്നു.

---

## കഥയെഴുത്തു്

നിങ്ങൾ ഏതെങ്കിലും ചെറിയ കഥകൾ കേട്ടിരിക്കു മല്ലോ. ചില കഥകൾ നിങ്ങൾ പുസ്തകങ്ങളിൽ വായി ച്ചിരിക്കാനും ഇടയുണ്ടു്. പാഠപുസ്തകങ്ങളിലുള്ള കഥ കൾ ഒരു പക്ഷെ നിങ്ങൾക്കു പരീക്ഷയ്ക്കു ഉത്തരക്കട ലാസ്സിൽ എഴുതേണ്ടതായും വന്നേക്കും. ചെറിയ സൂചന കൾ കിട്ടിയാൽ അതിൽനിന്നു കഥകളുണ്ടാക്കി എഴുതാ നും നിങ്ങൾ പഠിച്ചിരിക്കേണ്ടതാണു്. സൂചനകൾ കി ട്ടിയാൽ എഴുതേണ്ട കഥയുടെ സ്വരൂപം ഇന്നതെന്നു മ

നസ്സിൽ സങ്കല്പിക്കുകയാണു ഒന്നാമതായി വേണ്ടതു്. കഥ എഴുതിത്തുടങ്ങേണ്ടതും എഴുതി അവസാനിപ്പിക്കേണ്ടതും എങ്ങനെയാണെന്നു ആദ്യമേതന്നെ മനസ്സിൽ നിശ്ചയിക്കണം. പിന്നീടു ആ കഥയെ വല്ലവിധത്തിലും മോടിപിടിപ്പിക്കേണ്ടതുണ്ടോ എന്നാലോചിക്കണം. അങ്ങനെ വല്ലതും ചെയ്യേണ്ടതുണ്ടെങ്കിൽ അതിനുള്ള സന്ദർഭവും സ്വഭാവവും ഇന്നതാണെന്നും മനസ്സിൽ കരുതണം. അതിനുശേഷം വേണം കഥയെഴുതിത്തുടങ്ങാൻ. ഇങ്ങനെയായാൽ നിങ്ങൾക്കു നല്ല കഥയെഴുത്തുകാരായിത്തീരാൻ പ്രയാസമില്ല. ഇങ്ങനെ കഥയെഴുതുന്ന സമ്പ്രദായത്തെ ഒരു ഉദാഹരണം കൊണ്ടു വിവരിക്കാം:—

കാക്ക, ഭരണി, വെള്ളം, ദാഹം, പൊക്കം, കൊക്കു്, നീളം, ബുദ്ധി, കല്ലുകൾ, സൂത്രം, എന്നീ നാമങ്ങളും നടന്നിരുന്നു, കണ്ടു, സന്തോഷിച്ചു, കഴിഞ്ഞില്ല, തോന്നി, ഫലിച്ചു, വന്നു, പോകയുംചെയ്തു എന്നീ കൃതികളും അടങ്ങിയിരിക്കത്തക്കവണ്ണം "കാക്കയുടെ കൗശല"ത്തെപ്പററി ഒരു കഥയെഴുതുക എന്നു ഒരു ചോദ്യം നമ്മുടെ കൈവശം കിട്ടുന്നു എന്നു വിചാരിക്കുക. എങ്ങനെയാണു് ഇതിനെ ഒരു കഥയുടെ രൂപത്തിലാക്കേണ്ടതു്? കഥയിൽ അടങ്ങിയിരിക്കേണ്ട പദങ്ങളെപ്പററി മാത്രമേ ചോദ്യത്തിൽ. പറഞ്ഞുകാണുന്നുള്ളു. കഥയുടെ രൂപത്തെപ്പററി അതിൽ ഒന്നും പറഞ്ഞിട്ടില്ല. അതു

കൊണ്ടു കഥ എങ്ങിനേയും എഴുതാമെന്നു വിചാരിക്കാൻ നിവൃത്തിയില്ല. നിർദ്ദേശിച്ചിട്ടുള്ള പദങ്ങൾ അടങ്ങിയിരിക്കണമെങ്കിൽ, കഥ ഏകദേശം ഇന്ന രീതിയിൽ എഴുതിയാലേ സാധിക്കൂ എന്നു നമുക്കൂഹിക്കാം. അങ്ങനെ ആലോചിച്ചുനോക്കുമ്പോൾ, മേലെഴുതിയ പദങ്ങളെല്ലാം അടങ്ങത്തക്കവണ്ണം ആ കഥ താഴെ എഴുതുന്ന വിധത്തിലാണു നമുക്കു എഴുതാൻ സാധിക്കുക.

---

## കാക്കയുടെ കൗശലം

"ഒരിക്കൽ ഒരു കാക്ക ദാഹിച്ചു വലഞ്ഞു നടന്നിരുന്നു. അങ്ങനെ നടക്കുമ്പോൾ അതു ഒരിടത്ത് ഒരു ഭരണി ഇരിക്കുന്നതുകണ്ടു. ഭരണിയിൽ അല്പം വെള്ളം ഉണ്ടായിരുന്നു. ആ വെള്ളംകുടിച്ചു ദാഹം തീക്കാമെന്നു വിചാരിച്ചു കാക്ക സന്തോഷിച്ചു. എന്നാൽ ഭരണിക്കു കുറെ പൊക്കമുണ്ടായിരുന്നതിനാലും കാക്കയുടെ കൊക്കിനു വളരെ നീളമില്ലാതിരുന്നതിനാലും ഭരണിയിലെ വെള്ളം കുടിക്കാൻ കാക്കയ്ക്കു കഴിഞ്ഞില്ല. ഉടനെ കാക്കക്കു ഒരു് ബുദ്ധിതോന്നി. അടുത്തുകിടന്നിരുന്ന ചെറിയ കല്ലുകൾ പെറുക്കിയെടുത്തു അതു ഭരണിയിലിട്ടുതുടങ്ങി. കാക്കയുടെ ഈ സൂത്രം ഫലിച്ചു. ഭരണിയിലേ വെള്ളം ക്രമേണ പൊങ്ങിവന്നു. കാക്ക വെള്ളം കുടിച്ചു ദാഹം തീൎത്തു സന്തോഷത്തോടുകൂടി അവിടെനിന്നു പറന്നുപോകയും ചെയ്തു."

വളരെ പരിശ്രമിക്കുന്നപക്ഷം, ചില പദങ്ങളിൽ വല്ല മാററവും വരുത്താൻ സാധിക്കുമെന്നല്ലാതെ, അൎത്ഥത്തെ സംബന്ധിച്ചിടത്തോളം ഇതിൽനിന്നു വളരെ വ്യത്യാസപ്പെട്ടനിലയിൽ മേൽ കാണിച്ചിട്ടുള്ള പദങ്ങളുപയോഗിച്ചു ആ വിഷയത്തെ സംബന്ധിച്ചു ഒരു കഥയെഴുതിയുണ്ടാക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. പദങ്ങളെ സംബന്ധിച്ചുമാത്രം ചില്ലറ ഭേദഗതികൾ വരുത്തിക്കൊണ്ടു ആ കഥതന്നെ മറെറാരു വിധത്തിൽ താഴെ എഴുതാം. നോക്കുക:—

—.—

## കാക്കയുടെ കൗശലം.

"ഒരു കാക്ക ദാഹിച്ചു വലഞ്ഞു നടന്നിരുന്നു. അതു ഒരു ഭരണിയിൽ കുറച്ചു വെള്ളം ഇരിക്കുന്നതു കണ്ടു. ഉടനെ ദാഹം തീൎക്കാമല്ലോ എന്നുവിചാരിച്ചു കാക്ക വളരെ സന്തോഷിച്ചു. പക്ഷേ ആ ആഗ്രഹം സാധിക്കാൻ അതിനു കഴിഞ്ഞില്ല. ഭരണിക്കുകുറെ പൊക്കമുണ്ടായിരുന്നു. കാക്കയുടെ കൊക്കാകട്ടെ നീളം കുറഞ്ഞതും ആയിരുന്നു. ബുദ്ധിയുള്ള കാക്കയ്ക്കു് ഉടനെ ഒരു സൂത്രം തോന്നി. അടുത്തുകിടന്നിരുന്ന ചെറിയ കല്ലുകൾ കൊത്തിയെടുത്തു അതു ഭരണിയിലിട്ടു. ഈ ഉപായം ഫലിച്ചു. കല്ലുകൾ ഉള്ളിൽ വീഴുംതോറും വെള്ളം മേൽപോട്ടെയ്ക്കു ഉയർന്നുവന്നു. കാക്ക വെള്ളംകുടിച്ചു ദാഹം തീൎക്കുകയും അവിടെനിന്നു പറന്നു പോകയും ചെയ്തു."

പദങ്ങളിൽ വല്ല വ്യത്യാസവും വരുത്താൻ സാധിച്ചാലും അൎത്ഥത്തിൽ യാതൊരു വ്യത്യാസവും വരികയില്ലെന്നും വരുത്താൻ പാടില്ലെന്നും പ്രത്യേകം ധരിക്ക

ണം. ഇങ്ങനെ ചെറിയ സൂചനകളിൽനിന്നു കഥകളും ഉപന്യാസങ്ങളും എഴുതി ശീലിക്കുന്നതു വളരെ നല്ലതാകുന്നു. വലിയവലിയ ഗ്രന്ഥകർത്താക്കന്മാരായിത്തീൎന്നിട്ടുള്ള മഹാന്മാരിൽ മിക്കവരും ചെറുപ്പത്തിൽ ഈ രീതിയിൽ ഉപന്യാസങ്ങളും കഥകളും എഴുതി ശീലിച്ചിരുന്നവരാണെന്നുള്ള പരമാൎത്ഥം നിങ്ങൾ ഒരിക്കലും വിസ്മരിക്കരുതു്. ഇപ്പോൾ ചെറിയ കഥകളും ഉപന്യാസങ്ങളും എഴുതി ശീലിക്കുന്ന നിങ്ങളും ഭാവിയിൽ വലിയ ഗ്രന്ഥകർത്താക്കന്മാരും കവികളും ലേഖകന്മാരും മററും ആയിത്തീരാൻ ദൈവം സഹായിക്കട്ടെ.

### അഭ്യാസം 22.

1 നിങ്ങളുടെ ക്ലാസ്സുമുറിയെപ്പററി പത്തു പൂൎണ്ണവാക്യങ്ങളെഴുതുക.

2 നിങ്ങൾ കേട്ടിട്ടുള്ള ഏതെങ്കിലും ഒരു കഥ ചുരുക്കിയെഴുതുക.

3 തെങ്ങിനേപ്പററിയും അതുകൊണ്ടുള്ള ഗുണങ്ങളേപ്പററിയും പതിനഞ്ചു വാക്യങ്ങളെഴുതുക.

N. B. പൂൎണ്ണവിരാമം ഉപയോഗിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം.

Vidya Vilasam Press, Trivandrum. 1933.